Dated 17/11/2024 Page No -3

ചന്ദ്രിക

Malappuram Edition Column - 4

# ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

വളാഞ്ചേരി : പത്താമത് മലപ്പുറം ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 24ന് യൂണിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ടിൽ നടത്തും. 20നു മുമ്പായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും വെബ് സൈറ്റിൽ പൂർത്തിയാക്കേണ്ടതാണ്. ഓപ്പൺ സെലെക്ഷൻ ഉണ്ടായിരിക്കുന്നതല്ല. പാലക്കാട് വെച്ച് നടക്കുന്ന സംസ്ഥാന ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട മലപ്പുറം ജില്ലാ സീനിയർ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തിരഞ്ഞെടുക്കുന്നതാണ്.

മലയാള മനോരമ
ESTABLISHED 1888
Malappuram Edition
Page No -3
Dated 17/11/2024
Column - 5

# ത്രോബോൾ ചാംപ്യൻഷിപ്

കോട്ടയ്ക്കൽ● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 24ന് യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് ഗ്രൗണ്ടിൽ നടത്തും. 20നു മുൻപായി പ്ലേയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. 8590806050, 9633871688.

ദേശാഭിമാനി

Dated 17/11/2024
Malappuram Edition

Page No - 3
Column - 4

# ജില്ലാ സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

വളാഞ്ചേരി

പത്താമത് ജില്ലാ സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് 24ന് യുണിവേഴ്സിറ്റി ജിഎംഎച്ച്എസ് സ്കൂൾ ഗ്രൗണ്ടിൽ നടക്കും. 20നകം പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും നടത്തണം. ഓപ്പൺ സെലക്ഷനുണ്ടാകില്ല. പാലക്കാട് നടക്കുന്ന സംസ്ഥാന മിനി ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ സീനിയർ ടീമിനെ ഇതിൽനിന്ന് തെരഞ്ഞെടുക്കും. www.throwballkerala.com. ഫോൺ: 8590606050, 9633871688.

മാധ്യമം
Dated 17/11/2024 Page No - 3
Malappuram Edition Column - 5

# ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്

വളാഞ്ചേരി: പത്താമത് ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ് നവംബർ 24ന് ഞായറാഴ്ച കാലിക്കറ്റ് യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ടിൽ നടത്തും. നവംബർ 20നു മുൻപായി രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com വെബ് സൈറ്റിൽ പൂർത്തിയാക്കണം. ഓപൺ സെലക്ഷൻ ഉണ്ടാകില്ല. പാലക്കാട് നടക്കുന്ന സംസ്ഥാന ത്രോബാൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട മലപ്പുറം ജില്ലാ സീനിയർ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തിരഞ്ഞെടുക്കും. ഫോൺ: 8590806050, 9633871688.

ദേശാഭിമാനി
Dated 25/11/2024 Column - 1
Malappuram Edition Page No -3

# ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

പത്താമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബും വനിതാ വിഭാഗത്തിൽ വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാരായി. പുരുഷന്മാരിൽ വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയും വനിതകളിൽ സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂളും രണ്ടാം സ്ഥാനം നേടി. മൂന്നാം സ്ഥാനം വനിതകളിൽ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ്എസും വേങ്ങര പീസ് പബ്ലിക് സ്കൂളും പങ്കിട്ടു. പുരുഷന്മാരിൽ മാർത്തോമാ സ്പോർട്സ് അക്കാദമിക്കും എസ്എൻഎം സ്പോർട്സ് അക്കാദമിക്കുമാണ് മൂന്നാം സ്ഥാനം. മികച്ച കളിക്കാരായി കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയിലെ അവിനാ വിനോദിനെയും യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബിലെ പി കെ രഞ്ജിനെയും തെരഞ്ഞെടുത്തു. ചാമ്പ്യൻഷിപ്പ് കലിക്കറ്റ് സർവകലാശാലാ പൊളിറ്റിക്കൽ ഡിപ്പാർട്മെന്റ് ലൈബ്രറി ഹെഡ് ഡോ. ശശി ഉദ്ഘാടനംചെയ്തു. സമാപന സമ്മേളനത്തിൽ ത്രോബോൾ അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പി വിപിൻ സമ്മാനം വിതരണംചെയ്തു. അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ടി ബദറുദ്ധീൻ അലി സ്വാഗതവും സെക്രട്ടറി ഡോ. ഷമീം പറശേരി നന്ദിയും പറഞ്ഞു. സംസ്ഥാന ചാമ്പ്യഷിപ്പിന് ജില്ലാ ടീം ക്യാമ്പിലേക്കുള്ളവരെയും മത്സരത്തിൽ തെരഞ്ഞെടുത്തു.

Page No - 3 | മാധ്യമം | Column 6,7,8

Malappuram Edition | Dated 25/11/2024



ജില്ല സീനിയർ ത്രോബാൾ മത്സര വിജയികൾക്ക് യൂനിവേഴ്സിറ്റി സ്കൂൾ കായികാധ്യാപകൻ പി. വിപിൻ സമ്മാനം വിതരണം ചെയ്യുന്നു

# സീനിയർ ത്രോബാൾ: വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസും യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസും ചാമ്പ്യന്മാർ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല ക്യാമ്പസ് മോഡൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന 10ാമത് ജില്ല സീനിയർ ത്രോബാൾ പുരുഷ വിഭാഗത്തിൽ യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയും വനിത വിഭാഗത്തിൽ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയും ജേതാക്കളായി. പുരുഷന്മാരിൽ വാളക്കുളം കെ.എച്ച്. എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയും വനിതകളിൽ സിൽവർ മൗണ്ട് ഇന്റർനാഷണൽ സ്കൂളും രണ്ടാം സ്ഥാനം നേടി.

വനിത വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻ.എം.എച്ച്. എസ്.എസ് സ്കൂളും വേങ്ങര പീസ് പബ്ലിക് സ്കൂളും പുരുഷ വിഭാഗത്തിൽ മാർത്തോമാ സ്പോർട്സ് അക്കാദമിയും എസ്.എൻ.എം സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു.

ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി കെ.എച്ച് എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയിലെ അവിനാ വിനോദിനെയും യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബിലെ രഞ്ജിനേയും തെരഞ്ഞെടുത്തു. ത്രോബാൾ സീനിയർ വൈസ് പ്രസിഡന്റും യൂനിവേഴ്സിറ്റി സ്കൂൾ കായിക അധ്യാപകനുമായ പി. വിപിൻ സമ്മാനദാനം നിർവഹിച്ചു.